**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1026** **09-10-2024 - ൽ മറുപടിയ്ക്ക്**

**വിലങ്ങാട് ഉരുൾപൊട്ടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം മണ്ഡലത്തിലെ വിലങ്ങാട് ഉരുൾപൊട്ടലിൽ ഇറിഗേഷൻ വകുപ്പിന് എത്ര രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് എന്ന് വിലയിരുത്തിയിട്ടുണ്ടോ ; ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ ? | (എ) | ഉണ്ട്. 30/07/2024-ാം തീയതി കോഴിക്കോട് ജില്ലയിലെ വടകര താലൂക്കിൽ വാണിമേൽ പഞ്ചായത്തിലെ വിലങ്ങാട് പ്രദേശത്ത് ശക്തമായ മഴയെ തുടർന്നുണ്ടായ ഉരുൾപൊട്ടലിൽ മലവെള്ളപാച്ചിൽ ഉണ്ടാകുകയും വാണിമേൽ, എടച്ചേരി, തൂണേരി, നാദാപുരം,ചെക്കിയാട്,വളയം, നരിപ്പറ്റ, അഴിയൂർ, ഏറാമല എന്നീ പഞ്ചായത്തുകളിലെ പുഴയുടെ ഇരു കരകൾക്കും രൂക്ഷമായ തീരശോഷണം സംഭവിക്കുകയും പുഴ കരകവിഞ്ഞ് സമീപവാസികളുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുകയും ചെയ്തു. അതിരൂക്ഷമായ തീരശോഷണം നേരിട്ട മാഹി പുഴയുടെ കര സംരക്ഷണ പ്രവൃത്തികൾക്കും വായാട് കോളനി മുതൽ മാഹി പുഴയുടെ താഴ്ന്ന ഭാഗം വരെ പുഴയിൽ അടിഞ്ഞു കൂടിയ പാറക്കല്ലുകളും മറ്റ് അവശിഷ്ടങ്ങളും നീക്കം ചെയ്ത് പുഴയുടെ നീരൊഴുക്ക് സുഗമമാക്കുന്ന പ്രവൃത്തികൾക്കു മായി 40 കോടി രൂപയുടെ ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. ഇക്കാര്യം ജില്ലാകളക്ടർക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്. ജനവാസ കേന്ദ്രങ്ങളിലെ തോടുകളുടെ ഇരു കരകളിലും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും തോടുകളിൽ അടിഞ്ഞു കൂടിയ കല്ല്, പാറകൾ എന്നിവ നീക്കം ചെയ്ത് പൂർവ്വ സ്ഥിതിയിലാ ക്കുന്നതിനുള്ള പ്രവൃത്തികൾക്ക് 1960 ലക്ഷം രൂപയും ആവശ്യമാണ്. |

സെക്ഷൻ ഓഫീസർ